0
0

# സമഗ്ര ഗുണമേൻമ വിദ്യാഭ്യാസം 2025 June 3 to 13

| Date | Topic | Duties for Teachers |
|---|---|---|
| **03-06-2025** | പൊതുകാര്യങ്ങൾ നിയമബോധം | Reena Joseph |
| **04-06-2025** | സ്കൂൾ വാഹന സഞ്ചാരം ട്രാഫിക് നിയമങ്ങൾ | Allette |
| **05-06-2025** | വ്യക്തി ശുചിത്വം പരിസര ശുചിത്വം | Joshna George |
| **09-06-2025** | ആരോഗ്യം വ്യായാമം കായികക്ഷമത | Santy |
| **10-06-2025** | Digital അച്ചടക്കം | Rintu George |
| **11-06-2025** | പൊതുമുതൽ സംരക്ഷണം | Leena John |
| **12-06-2025** | പരസ്പര സഹകരണ പ്രാധാന്യം | Ashna Mary |
| **13-06-2025** | പൊതു ക്രോഡീകരണം | Reina Jose |

**Any Teacher from each Standard should make awareness for students**

Kindly Submit the Report the next day before 10 AM

# സമഗ്ര ഗുണമേൻമ വിദ്യാഭ്യാസം

| | Std 1 | Std 2 | Std 3 | Std 4 |
|---|---|---|---|---|
| 3/6/25 | **9.30 AM** | **10.30 AM** | **11.30 AM** | **01:00 PM** |
| | Linnette | Reina | Rosy | Reena |
| 4/6/25 | Soniya | Jeny | Allette | Anitha |
| 5/6/25 | Jasmine | Dalith | Amartha | Honey |
| 9/6/25 | Santy | Joshna | Serene | Athira |
| 10/6/25 | I B Teache | Ashna | Gigi | Rintu |
| 11/6/25 | Linnette | Jeny | Leena | Sajana |
| 12/6/25 | Soniya | Ashna | Rosy | Reena |

**Respective Teachers Kindly ensure the students of all classes in each Standard**

# സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതി 2025-26
## ഒന്നാം ദിവസം ജൂൺ 3
## വിഷയം : പൊതു വിദ്യാഭ്യാസം

സെന്റ്തെരേസാസ് സി ഗു എൽ പി സ്കൂൾഇൽ 2025-26 അധ്യായനവർഷം " കുട്ടികൾ പാലിക്കേണ്ട സുരക്ഷാ നിയമങ്ങളും നല്ല ശീലങ്ങളും " എന്ന വിഷയത്തെ ആസ്പതമാക്കിയുള്ള ബോധവൽക്കരണ ക്ലാസ് ജൂൺ 3 ചൊവ്വ രാവിലെ 9.30 മുതൽ ബഹുമാനപ്പെട്ട ഹെയഡ്മിസ്ട്രെസ്സ് റവ . സിസ്റ്റർ Savitha CSST യുടെയും മറ്റ് അദ്ധ്യാപകരുടെയും സാന്നിധ്യത്തിൽ റീന ജോസഫ് ടീച്ചർ നടത്തപ്പെടുകയുണ്ടായി .

വിദ്യാർത്ഥികളിൽ സുരക്ഷപരമായ ബോധവും ശാസ്ത്രീയമായ ജീവിതശൈലിയെക്കുറിച്ചുള്ള ധാരണയും വളർത്തുക എന്നതായിരുന്നു ക്ലാസ്സിന്റെ ലക്ഷ്യം .

ക്ലാസിൽ വിദ്യാർഥികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ചിത്രങ്ങൾ ചെറിയ വീഡിയോ ക്ലിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിരുന്നു . രാവിലെ 9.30 നു ഒന്നാം ക്ലാസ് തുടർന്നു 2, 3, 4 ക്ലാസുകളിലെ കുട്ടികൾക്കായി നടത്തിയ ക്ലാസ് ഉച്ചയോടെ അവസാനിച്ചു . കുട്ടികൾ ആവേശത്തോടും ഊർജസ്വലമായ പങ്കാളിത്തത്തോടും കൂടി ക്ലാസിൽ പങ്കെടുത്തു .


Brush your teeth
twice a day
Galaxy A15 5G

## സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതി 2025-26
## ഒന്നാം ദിവസം ജൂൺ 4
## വിഷയം : ട്രാഫിക് നിയമങ്ങൾ

രണ്ടാം ദിവസമായ ജൂൺ നാലിന് റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആലറ്റ് ടീച്ചർ കുട്ടികളുമായി ചർച്ച ചെയ്തു .

നടപ്പാതയിലൂടെ നടക്കുമ്പോഴും റോഡ് മുറിച്ച് കടക്കുമ്പോഴും എങ്ങനെ നല്ല തീരുമാനങ്ങൾ എടുക്കാം എന്നു കുട്ടികളെ മനസിലാക്കുക എന്നതായിരുന്നു ലക്ഷ്യം . ക്ലാസ്സിന്റെ വിരസത ഒഴിവാക്കാൻ വീഡിയോ ക്ലിപ്പുകൾ കാണിക്കുകയും കളികൾ കളിപ്പിക്കുകയും ചെയ്തു . കുട്ടികളെ കൊണ്ട് തന്നെ റോഡ് നിയമങ്ങൾ പറയിപ്പിച്ചു .

കളിയും ചിത്രങ്ങളും നിറഞ്ഞ ക്ലാസ്സ് ആയത് കൊണ്ട് തന്നെ കുട്ടികൾ ആവേശത്തോടും ഉൽസഹത്തോടും കൂടി ക്ലാസ്സിൽ പങ്കെടുത്തു .


ട്രാഫിക് നിയമങ്ങൾ
SHINU R
PHYSICAL EDUCATION TEACHER (HS)
GHS MUDAPPALLUR
PALAKKAD
Galaxy A15 5G

# സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതി 2025-26
## ഒന്നാം ദിവസം ജൂൺ 5
## വിഷയം : വ്യക്തി ശുചിത്വം പരിസര ശുചിത്വം

മൂന്നാം ദിവസമായ ജൂൺ അഞ്ചിന് പരിസ്ഥിതി ദിനം കൂടി ആയതിനാൽ പരിസ്ഥിഢിയും പരിസരവും എന്ന വിഷയത്തെ ആസ്പതമാക്കി ജോസ്ന ടീച്ചർ കുട്ടികൾക്ക് ഫലപ്രദമായ രീതിയിൽ ക്ലാസ് തയ്യാറാക്കി അവതരിപ്പിച്ചു . വ്യക്തിപരവും സാമൂഹ്യപരവുമായ പ്രാധാന്യ തുടങ്ങിയ വിഷയങ്ങളിൽ അടിസ്ഥാനപരമായ ക്ലാസ് നല്കുക എന്നതായിരുന്നു ലക്ഷ്യം .

കുട്ടികൾക്ക് മനസിലാകുന്ന രീതിയിൽ പിപിടി അവതരണത്തിലൂടെ വിശദീകരിച്ചു . ശേഷം അനുയോജ്യമായ ചോദ്യോത്തര സെഷൻ സംഘടിപ്പിച്ചു .

കുട്ടികളിൽ വ്യക്തി ശുചിത്വം പരിസര ശുചിത്വം എന്നിവ വർദ്ധിപ്പിക്കുന്നതിനായി ഇത്തരം പ്രവർത്തനങ്ങൾ തുടർച്ചയായി നടത്തേണ്ടതിന്റെ ആവശ്യം വ്യക്തമായി . അദ്ധ്യാപകരുടെയും വിദ്യാർ ഥ ികളുടെയും സജീവ പങ്കാളിത്തം ക്ലാസ്സിന് കൂടുതൽ ഊർജ്ജസ്വലത നല്കി .


Galaxy A15 5G

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി 2025 - 26

## നാലാം ദിവസം ജൂൺ 9

## വിഷയം : ആരോഗ്യശീലങ്ങൾ

നാലാം ദിവസമായ ജൂൺ 9ന് ആരോഗ്യശീലങ്ങൾ എന്ന വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ  സാന്റി ടീച്ചർ കുട്ടികളുമായി ചർച്ച ചെയ്തു.

നല്ല ആരോഗ്യശീലങ്ങൾ, ഭക്ഷണശീലങ്ങൾ, ശുചിത്വ ശീലങ്ങൾ, വ്യായാമത്തിന്റെ അനിവാര്യത എന്നിവയെ സംബന്ധിച്ച ചർച്ചകൾ ക്ലാസ്സിൽ നടത്തപ്പെട്ടു. കുട്ടികൾക്ക് തങ്ങളുടെ അഭിപ്രായങ്ങളും അറിവുകളും മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനുള്ള അവസരവും ക്ലാസിൽ ഒരുക്കിയിരുന്നു. കുട്ടികളുടെ സജീവ പങ്കാളിത്തത്തോടെയുള്ള zumba dance അവതരണവും ക്ലാസിന്റെ പ്രത്യേകതയായിരുന്നു.


ആരോഗ്യശീലങ്ങൾ
Galaxy A15 5G

# സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതി 2025-26

## അഞ്ചാം ദിവസം ജൂൺ 10

## വിഷയം : ഡിജിറ്റൽ അച്ചടക്കം

ഇന്നത്തെ സമൂഹത്തിന് ആവശ്യമായതും കുട്ടികൾ ഉറപ്പായും അറിഞ്ഞിരിക്കേണ്ടതുമായ ഡിജിറ്റൽ അച്ചടക്കത്തെ കുറിച്ചാണ് അഞ്ചാം ദിനമായ ജൂൺ 10 നു Rintu ടീച്ചർ ക്ലാസ് എടുത്തത് . ഡിജിറ്റൽ ഉപകരണങ്ങൾ കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യത്തെ എങ്ങനെ ബാധിക്കും എന്നുള്ളത് ICT വീഡിയോയുടെ സഹായത്താൽ വ്യക്തമാക്കി . സാമൂഹിക മാധ്യമങ്ങൾ രക്ഷിതാക്കളുടെ സഹായത്താൽ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്നും ചർച്ച ചെയ്തു . മൊബൈൽഫോൺ ടാബ് തുടങ്ങിയ ഡിജിറ്റൽ ഉപകരണങ്ങൾ വിവേകത്തോടും വിവേചന ബുദ്ധിയോടെയും എങ്ങനെ ഉപയോഗിക്കാം എന്നു ചർച്ച ചെയ്തു . ഡിജിറ്റൽ ഉപകരണങ്ങളുടെ അമിതോപയോഗം ഉണ്ടാക്കുന്ന വ്യക്തിപരവും സാമൂഹികവുമായ ആഘാതങ്ങൾ , പ്രശ്നങ്ങൾ സംസാരിക്കുകയും ചെയ്തു . കുട്ടികൾ സജീവ പങ്കാളിത്തത്തോടെ ക്ളാസ്സിൽ പങ്കെടുത്തു .



# സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതി 2025-26

## ആറാം ദിവസം ജൂൺ 11

## വിഷയം : പൊതുമുതൽ സംരക്ഷണം

പൊതുമുതൽ സംരക്ഷണവും അതിന്റെ ആവശ്യകതയും അനിവാര്യതയും കുട്ടികളെ ബോധ്യപ്പെടുത്തുന്നതിനുള്ള ക്ലാസ് ആറാം ദിനമായ ജൂൺ പതിനൊന്നിന് ലീന ടീച്ചർ ആണ് എടുത്തത് . ക്ലാസ്സ്റൂം , ക്ലാസ്സിലെ ഉപകരണങ്ങൾ ഡിജിറ്റൽ ഉപകരണങ്ങൾ ശുചിമുറികൾ  തുടങ്ങിയവയെല്ലാം പരിപാലിക്കേണ്ടതിന്റെ ആവശ്യതയെക്കുറിച്ചും വ്യക്തമാക്കി . പൊതുമുതൽ സംരക്ഷണവുമായി ബന്ധപെട്ട് ധാരാളം കാര്യങ്ങൾ വീഡിയോ ക്ലിപ്പിലൂടെ അവതരിപ്പിച്ചു . സ്വന്തം സാധനസാമഗ്രികൾ അടുക്കും ചിട്ടയോടെ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും മറ്റുള്ളവരുടെ വസ്തുക്കൾ കേടുകൂടാതെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും കുട്ടികളെ ബോധവാൻമാരാക്കി . എല്ലാവരും വളരെ ഉൽസാഹത്തോടെ ക്ളാസ്സിൽ പങ്കെടുത്തു .


Galaxy A15 5G

# സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതി 2025-26

## ഏഴാം ദിവസം : ജൂൺ 12

## വിഷയം : പരസ്പര സഹകരണത്തിന്റെ പ്രധാന്യം

പരസ്പര സഹകരണം വ്യക്തി ജീവിതത്തിനും സമൂഹ ജീവിതത്തിനും അനിവാര്യമാണ് എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് എടുത്തത് ആഷ്ന ടീച്ചർ ആണ് . സ്കൂളിലും വീട്ടിലും സമൂഹത്തിലും എങ്ങനെയെല്ലാം മറ്റുള്ളവരെ സഹായിക്കണമെന്നും എങ്ങനെ നൻ മയുള്ളവരായി വളരാമെന്നും ബോധ്യപ്പെടുത്തി . ഇതുമായി ബന്ധപ്പെട്ട സാഹചര്യങ്ങൾ വീഡിയോ ക്ലിപ്പിലൂടെ കുട്ടികളുമായി പങ്കുവച്ചു . ശേഷം ഒരു വീഡിയോ ഗെയിം കൂടി ആയപ്പോൾ കുട്ടികൾ വളരെയധികം ഉൽസാഹത്തോടെ ക്ളാസ്സിൽ പങ്കെടുത്തു .